

## ചെങ്ങറ – കുമ്പള

# ഭൂരഹിതരുടെ സമരമുഖത്തേക്ക്

ജെയിൻ സിറിയക് ബാബു, ഷിബി പീറ്റർ

മൂന്നാറിൽ വൻകിട കയ്യേറ്റക്കാരെ ഒഴിപ്പിച്ച് കയ്യടി നേടിയ വി.എസ്. ഭരണകാലത്ത് തന്നെ പത്തനംതിട്ട ജില്ലയിലെ ചെങ്ങറയിൽ ഭൂരഹിതരായ ദളിതർ ഹാരിസൺ മലയാളം കയ്യടക്കി വച്ചിരിക്കുന്ന ഭൂമി കയ്യേറി കുടിൽകെട്ടി താമസമായത് കേരളത്തിലെ ഭൂമി പ്രശ്നങ്ങളുടെ മറ്റൊരു മുഖവും ജാതിവ്യവസ്ഥയുടെ രാഷ്ട്രീയ സ്വാധീനങ്ങൾക്ക് നേരെയുള്ള ഒരു വെല്ലുവിളിയുമാണ്. ഭൂരഹിതരായ ദളിത് സമുദായത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ഈ സമരത്തിൽ ഭൂമിയില്ലാതെ പുറംപോക്കുകളിലും ലക്ഷംവീടുകളിലും കഴിയുന്ന എല്ലാ വിഭാഗത്തിൽപ്പെട്ടവരും അണിനിരക്കുന്നുണ്ട്. സാധുജന വിമോചന സംയുക്തവേദി സ്ഥാപക നേതാവ് ളാഹ ഗോപാലനാണ് സമരത്തിന് നേതൃത്വം നൽകുന്നത്.

2006 ജൂൺ മാസത്തിൽ ചന്ദനപ്പള്ളി, കൊടുമൺ പ്രദേശങ്ങൾ കയ്യേറി കുടിൽകെട്ടി സമരമാരംഭിച്ചുകൊണ്ടാണ് സാധുജന വിമോചന സംയുക്തവേദി ഭൂരഹിതരുടെ അവകാശങ്ങൾക്ക് വേണ്ടി സംസാരിച്ച് തുടങ്ങിയത്. നിരാഹാരത്തിലേക്ക് നീണ്ട അന്നത്തെ സമരപരിപാടികൾ 2007 ഓഗസ്റ്റ് 1-ന് എല്ലാവർക്കും ഭൂമി നൽകുമെന്ന സർക്കാർ ഉറപ്പിനെ തുടർന്നാണ് അവസാനിച്ചത്. എന്നാൽ ഉറപ്പുകൾ പതിവുപോലെ പാഴ്വാക്കുകളായതിനെതുടർന്ന് 2007 ഓഗസ്റ്റ് 3-ന് പത്തനംതിട്ടയിലെ കോന്നിയിൽവച്ച് സാധുജന വിമോചന സംയുക്തവേദിയുടെ സമരപ്രഖ്യാപനം നടന്നു. തുടർന്ന് ഹാരിസണിന്റെ കുമ്പള–ചെങ്ങറ റബ്ബർതോട്ടത്തിൽ മുപ്പതിലേറെ പേർ കടന്നുകയറി കുടിൽകെട്ടി സമരമാരംഭിച്ചു. ഹാരിസണിന്റെ ഗുണ്ടകളും ട്രേഡ് യൂണിയൻ പ്രവർത്തകരും ഇവരെ ആക്രമിച്ചെങ്കിലും പിൻമാറാൻ ഇവർ തയ്യാറായില്ല. തുടർന്നുള്ള ദിവസങ്ങളിൽ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തിരുവനന്തപുരം ജില്ലകളുടെ വിവിധ ഭാഗങ്ങളിൽനിന്നും ഭൂരഹിതരായ കുടുംബങ്ങൾ ചെങ്ങറ എസ്റ്റേറ്റിലെത്തി കുടിൽ കെട്ടൽ സമരത്തിൽ പങ്കാളികളായി. സാധുജന വിമോചന സംയുക്ത വേദി ഓഫീസിൽ പേര് രജിസ്റ്റർ ചെയ്ത് സമരത്തിൽ പങ്കാളികളാകുന്ന ഇവരുടെ വിലാസവും ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ രേഖകളും സംയുക്തവേദി ഓഫീസിൽ സൂക്ഷിക്കുന്നുണ്ട്.

സമരക്കാർ കയ്യേറിയിരിക്കുന്ന ഭൂമി ഹാരിസണിന്റേതല്ലെന്നും പാട്ടത്തിലുണ്ടായിരുന്ന ഒരുപാട് ഭൂമി കൃത്രിമരേഖകൾ വഴി കൈവശപ്പെടുത്തിയാണ് ഹാരിസണ് ഇത്രയധികം ഭൂമിയുണ്ടായതെന്നും സമരക്കാർ അഭിപ്രായപ്പെടുന്നു. "ഹാരിസണിന്റെ ഭൂമിയെന്ന് എങ്ങനെ പറയാൻ കഴിയും? 99 വർഷങ്ങൾക്കുമുമ്പ് ഹാരിസൺ എസ്റ്റേറ്റ് പാട്ടത്തിനെടുത്ത ഭൂമിയാണിതെല്ലാം. ഹാരിസണിനു പുറമെ, എ.വി.റ്റി, പോബ്സൺ ഗ്രൂപ്പുകളും രേഖകളില്ലാത്ത ലക്ഷക്കണക്കിന് ഭൂമി കൈവശപ്പെടുത്തി വച്ചിട്ടുണ്ട്. ഇതൊരു ചെറിയ വിഷയമല്ല. ഇതിന്റെ പുറകോട്ടുള്ള ചരിത്രമറിയാൻ ആരും താൽപര്യപ്പെടുന്നില്ല. അയ്യൻകാളി നയിച്ച സമരങ്ങളെയും അംബേദ്കറിനെയും ഉൾക്കൊള്ളുന്നവർക്കേ ഈ സമരം അംഗീകരിക്കാൻ കഴിയൂ" സാധുജന വിമോചന സംയുക്ത വേദി നേതാവ് ളാഹ ഗോപാലൻ പറയുന്നു.

കുടിൽ കെട്ടി സമരം തുടങ്ങി ഏതാനും ദിവസങ്ങൾക്കകം ഹാരിസൺ ഹൈക്കോടതിയെ സമീപിച്ചു. സമരക്കാർ തങ്ങളുടെ മരങ്ങളും ഭൂമിയും നശിപ്പിക്കുന്നെന്നും പരിസരവാസികൾക്ക് ശല്യമുണ്ടാക്കുന്നുണ്ടെന്നുമാണ് അവർ കോടതിയെ ബോധിപ്പിച്ചത്. രക്തച്ചൊരിച്ചിലില്ലാതെ പൗരാവകാശങ്ങൾ നിലനിർത്തി ഒരു മാസത്തിനുള്ളിൽ സമരക്കാരെ ഒഴിപ്പിക്കാൻ കോടതി ഉത്തരവിട്ടു. പക്ഷെ ഹാരിസണിന് പാട്ടത്തിന് കൊടുത്ത ജന്മിമാരുടെ മുൻ ആധാരം നിലനിൽക്കാത്തതിനാലും ഹാരിസണിന്റെ പാട്ടക്കരാർ തീർന്നതുകൊണ്ടും ഭൂമി ഇതുവരെ സർക്കാർ ഏറ്റെടുക്കാത്തതുകൊണ്ടും സമ

രക്കാരെ ഒഴിപ്പിക്കാൻ ആരും മുന്നോട്ട് വരുന്നില്ല. സമരം തുടങ്ങിയിട്ട് ഇപ്പോൾ 65 ദിവസങ്ങൾ പിന്നിടുന്നു. ജില്ലാ ഭരണകൂടം ഇവരെ കുടിയൊഴിപ്പിച്ചില്ലെങ്കിൽ ഹാരിസണിന് ഇൻഞ്ചക്ഷൻ ഓർഡറിന് വേണ്ടി വീണ്ടും കോടതിയെ സമീപിക്കാമെന്ന സ്ഥിതിയാണ് നിലനിൽക്കുന്നത്. സെപ്റ്റംബർ 24-ന് പോലീസ് ഉപരോധം ഏർപ്പെടുത്തി 80 പേരെ അറസ്റ്റ് ചെയ്ത് നീക്കിയതിനെതിരെ ളാഹ ഗോപാലൻ പൊതുതാല്പര്യ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ഇതിനുത്തരമായി പോലീസ് ഉപരോധം ഏർപ്പെടുത്തിയിട്ടില്ല എന്ന മറുപടിയാണ് ആഭ്യന്തരമന്ത്രിയുടെ ഓഫീസിൽ നിന്നും ലഭിച്ചത്. കേരളത്തിലെ 48 ശതമാനം ഭൂമി ഇത്തരത്തിൽ വമ്പന്മാർ കൃത്രിമരേഖകൾ വഴി കൈയടക്കി വച്ചിരിക്കുകയാണെന്നാണ് സമരക്കാർ പറയുന്നത്.

മാധ്യമങ്ങളും രാഷ്ട്രീയ മുന്നണികളും പതിവുപോലെ ഈ ജനകീയ സമരത്തെ അവഗണിക്കുകയാണ്. അവർ ഒത്തുചേർന്ന് സമരത്തെ പരാജയപ്പെടുത്താൻ ശ്രമിക്കുകയാണെന്ന് സാധുജന വിമോചന സംയുക്തവേദി അഭിപ്രായപ്പെടുന്നു. ഈ നുണപ്രചരണങ്ങൾ സമരത്തിന്റെ പങ്കാളിത്തത്തെ ശിഥിലപ്പെടുത്താൻ കാരണമായിട്ടുണ്ട്. എസ്റ്റേറ്റിലെ ട്രേഡ് യൂണിയൻ പ്രവർത്തകർക്കെല്ലാം സമരത്തിന് അനുകൂലമാണെന്നും ഇവർ പറയുന്നു.

ഭൂമി സമരത്തേക്കാളുപരി കുമ്പള-ചെങ്ങറ സമരം ഒരു ദളിത് വിഷയമാണ്. ന്യായമായ അവകാശങ്ങൾക്ക് വേണ്ടി ദളിതർ കക്ഷിഭേദമില്ലാതെ ഉപജാതികൾക്കതീതമായി സംഘടിക്കുകയാണ്. പട്ടികജാതി പട്ടികവർഗ്ഗ അവശ ക്രൈസ്തവരുടെ ജീവിതം ദുരിതക്കയങ്ങളിൽ നിന്നും കരകയറാതെ തുടർന്ന് പോകുന്ന സാഹചര്യത്തിൽ ഭൂമിയെന്ന അടിസ്ഥാന പ്രശ്നം പരിഹരിക്കപ്പെടേണ്ടത് ഈ ജനതയെ സംബന്ധിച്ച് വളരെ പ്രധാനമാണ്. പരശുരാമൻ മഴുവെറിഞ്ഞാണ് കേരളമുണ്ടായതെന്ന് ഐതിഹ്യം പറയുന്നു. പരശുരാമൻ യഥാർത്ഥ അവകാശികളിൽനിന്നും ഭൂമി പിടിച്ചെടുത്ത് ആര്യന്മാർക്ക് നൽകുകയായിരുന്നുവെന്ന സത്യാവസ്ഥ മനസ്സിലാക്കി ചരിത്രപരമായി നിലനിൽക്കുന്ന മിത്തുകളെ പൊളിച്ചെഴുതണമെന്നും സമരക്കാർ ആവശ്യപ്പെടുന്നു.

ദളിത്-ആദിവാസി വിഭാഗങ്ങളെ കക്ഷിരാഷ്ട്രീയക്കാർക്കെറിഞ്ഞ് കൊടുത്ത് ഭൂമി പ്രശ്നത്തിൽ പരിഹാരം കാണാതിരിക്കാനുള്ള തന്ത്രം സർക്കാർ അവസാനിപ്പിച്ചില്ലെങ്കിൽ കുമ്പള-ചെങ്ങറ എസ്റ്റേറ്റിൽ സമരകാഹളങ്ങളോടെ വീണ്ടും കുടിലുകൾ ഉയർന്നുകൊണ്ടേയിരിക്കും.

*ഒന്നാംവർഷ എം.എസ്.ഡബ്ലിയു., ബി.സി.എം. കോളേജ്, കോട്ടയം*

## ജി.എം. ഭക്ഷ്യവസ്തുക്കൾ മാരക അപകടം

ജനിതകമാറ്റം വരുത്തിയ ഭക്ഷ്യവസ്തുക്കളും ഉല്പന്നങ്ങളും ഇന്ത്യയിൽ വിൽക്കാൻ ഒരു പ്രത്യേക നിയമഭേദഗതിയിലൂടെ വഴിയൊരുക്കുന്നു. ജി.എം. കമ്പനിയുടെ ഭക്ഷ്യസുരക്ഷിതത്വത്തിന് വെല്ലുവിളിയായ പാരിസ്ഥിതിക പ്രശ്നങ്ങളുയർത്തുന്ന ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നത് ഇതേവരെ നിയമവിരുദ്ധമായിരുന്നു. പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ പുതിയ വിജ്ഞാപനം വഴി ജി.എം. കമ്പനിയുടെ സമ്മർദ്ദത്തിന് സർക്കാർ കീഴടങ്ങുകയാണ്.

ജി.എം.ന്റെയും മൊൻസാന്റോയുടെയും ഉൽപന്നങ്ങൾ നിരവധി സങ്കീർണ്ണപ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഫ്രാൻസിലും കാനഡയിലും നടന്ന പരീക്ഷണങ്ങളിൽ കരളിനും കിഡ്നിക്കും മറ്റവയവങ്ങൾക്കും കേടുപാടുകൾ വരുത്തുന്നതായി തെളിഞ്ഞിട്ടുണ്ട്. യൂറോപ്പിൽ ജി.എം. ഭക്ഷ്യവസ്തുക്കൾ നിരോധിച്ചിരിക്കുകയാണ്.

ഇനിമുതൽ ജി.എം. വിഷലിപ്തമായ പാലും ഐസ്ക്രീമും നമ്മുടെ കുഞ്ഞുങ്ങൾ കഴിക്കേണ്ടിവരും. അപകടകരമായ തക്കാളിയും ഇറച്ചിയും മുട്ടയും നമുക്ക് ശീലിക്കേണ്ടിവരും. ജനിതകമാറ്റം ചെയ്യപ്പെട്ട സോയബീൻ ഉല്പന്നങ്ങളും കോൺ ഉല്പന്നങ്ങളും ഇന്ത്യയിലേക്ക് വൻതോതിൽ ഇറക്കുമതി ചെയ്യപ്പെടും. പരമാധികാരത്തോടൊപ്പം നമ്മുടെ ആരോഗ്യവും പണയപ്പെടുന്നു! നാട്ടിലെ പട്ടിണിയകറ്റാൻ ഒന്നുംചെയ്യാനാവാത്ത സർക്കാരിന് അമേരിക്കൻ കമ്പനി ഉല്പന്നങ്ങൾക്ക് വഴിയൊരുക്കാൻ എന്ത ഉത്സാഹം.

കേന്ദ്ര ആരോഗ്യവകുപ്പ് മന്ത്രിക്ക്, ജി.എ.സി. ചെയർപേഴ്സൺ, ഭക്ഷ്യവകുപ്പുമന്ത്രിക്ക്, സോണിയാ ഗാന്ധിക്ക്, പ്രതിഷേധ കത്തുകളയക്കുക.

കൂടുതൽ വിവരങ്ങൾക്ക് :
എസ്. ഉഷ, തണൽ, എച്ച് 5, ജവഹർനഗർ, തിരുവനന്തപുരം-3.
ഫോൺ : 9447022775

**നിങ്ങളുടേത് ഒരു 'പച്ചവീടാ'ണോ?**
**വീടിനുചുറ്റും പച്ചപ്പുണ്ടോ?**
**വീടിനുള്ളിലും പച്ചപ്പുണ്ടോ?**
**പ്രകൃതി തരുന്ന**
**ആനന്ദാനുഭൂതികളിലേയ്ക്ക്**
**മടങ്ങി വരിക!**

vasthukam
the organic architects

2nd floor, revathy complex
civil lane, west fort, thrissur 680 004
e-mail : vasthukam@rediffmail.com
tel : off. 0487 2382490 res. 2201314
mob : 9447379946

**അനുഭവിച്ചറിയൂ, എന്നിട്ട് ഞങ്ങളോട് പറയൂ, ഇതല്ലാതെ വേറെന്താണ് പച്ചപ്പെന്ന്!**